പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 313 24.02.16 ലെ മറുപടിക്ക്

## "ചെക്ക്പോസ്റ്റുകളിലെ ഓൺലൈൻ - ഡെലിവറി നോട്ട് സംവിധാനം"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ചെക്ക്പോസ്റ്റുകളിൽ ഓൺലൈൻ-ഡെലിവറി നോട്ട് സംവിധാനം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) | ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം ഒക്ടോബർ 2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഓൺലൈൻ സംവിധാനത്തിലൂടെ വ്യാപാരിക്ക് ഡെലിവറി നോട്ട് ആവശ്യമുള്ള അതേ സമയം തന്നെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇതിലൂടെ നികുതി വകുപ്പിന് അപ്പപ്പോൾ തന്നെ ചരക്ക് നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുകയും അതുവഴി നികുതി ചോർച്ച തടയുന്നതിനും സാധ്യമാകുന്നു. ഇതിലൂടെ, ഒരു ഡെലിവറി നോട്ട് ഉപയോഗിച്ച് ഒന്നിൽ കൂടുതൽ trans-port നടത്തുക തുടങ്ങിയ ദുരുപയോഗം ഫലപ്രദമായി തടയാൻ ഉപകരിയ്ക്കും. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | നികുതി വകുപ്പിന്റെ KVATIS സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കി വാണിജ്യ നികുതി കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ വ്യാപാരികൾ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ചില സാധനങ്ങൾക്ക് ഓപ്ഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.